LIBRARY ARCHIVES Kerala Legislative Assembly

ക്യാൻസൽ ചെയ്ത ഷെഡ്യൂളുകൾ

296 [323] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
,, പി. കുമാരൻ:
,, വി. കെ. രാജൻ:
,, എം. കെ. കേശവൻ:
,, കെ. ആർ. ചന്ദ്രമോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ 1986 ജനുവരി 1 മുതൽ 1986 ജൂൺ 10 വരെ ആകെ റദ്ദാക്കിയ ഷെഡ്യൂളുകൾ എത്ര;

(ബി) അതിൽ സ്റ്റാഫിന്റെ അഭാവം മൂലം റദ്ദാക്കിയ ഷെഡ്യൂൾ എത്ര;

(സി) ടയറിന്റെ ക്ഷാമം മൂലം റദ്ദാക്കിയവ എത്ര;

(ഡി) മറ്റു സ്പെയർപാർട്ടുകളുടെ അഭാവം മൂലം റദ്ദാക്കിയവ എത്ര?

ഉത്തരം

(എ) ദിവസേന റദ്ദാക്കുന്ന ഷെഡ്യൂളുകളുടെ വിവരം കോർപ്പറേഷൻ ശേഖരിക്കാറില്ല. എന്നാൽ റദ്ദാക്കുന്ന ട്രിപ്പുകളുടെ വിവരം ശേഖരിക്കാറുണ്ട്. പ്രസ്തുത കണക്കനുസരിച്ച് ജനുവരി 1 മുതൽ ജൂൺ 10 വരെയുള്ള കാലയളവിൽ 29.54% ട്രിപ്പുകൾ റദ്ദാക്കിയിട്ടുണ്ട്.

(ബി) സ്റ്റാഫിന്റെ അഭാവം മൂലം ട്രിപ്പുകൾ റദ്ദാക്കിയിട്ടില്ല.

(സി,ഡി) ടയറിന്റെയും. മറ്റു സ്പെയർപാർട്ടുകളുടെയും അഭാവം മൂലം 23.7% ട്രിപ്പുകൾ റദ്ദാക്കിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി. യുടെ ഒരു ദിവസത്തെ ശരാശരി ലാഭനഷ്ടം

297 [324] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പറേഷന്റെ ഒരുദിവസത്തെ ശരാശരി വരുമാനം എത്രയാണ്;

(ബി) ഒരു ദിവസത്തെ ശരാശരി നഷ്ടം എത്രയാണ്,

(സി) കോർപ്പറേഷൻ ഗവണ്മെന്റിലേയ്ക്ക് 31-5-1986വരെ എത്ര സംഖ്യ കൊടുക്കുവാനുണ്ട്?

ഉത്തരം

(എ) 30 ലക്ഷം രൂപ. (മുപ്പതു ലക്ഷം രൂപ)

(ബി) 1986-87-ലെ ബഡ്ജറ്റ് പ്രകാരം ശരാശരി നഷ്ടം ദിനംപ്രതി 6.45 ലക്ഷം രൂപ. (ആറു ലക്ഷത്തി നാൽപ്പത്തയ്യായിരം)

(സി) 8813.06 ലക്ഷം രൂപ (എണ്ണൂറ്റി എണ്പത്തിമൂന്നുലക്ഷത്തി ആറായിരം രൂപ)